**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2838** 　　　　　　　　**13-12-2022 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചവർക്കുളള ബില്ലിംഗ് രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചവർക്ക് കെ.എസ്.ഇ.ബി. നിലവിൽ ഏർപ്പെടുത്തിയ ബില്ലിംഗ് രീതി എപ്രകാരമാണ്; വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചവർക്ക് നിലവിൽ 'നെറ്റ് മീറ്ററിംഗ് സംവിധാനമാണ് സംസ്ഥാനത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്നത് നെറ്റ് മീറ്ററിംഗ് സമ്പ്രദായത്തിൽ, സൗരോർജ്ജ നിലയം സ്ഥാപിച്ചിട്ടുള്ള ഉപഭോക്താവിന്റെ (പ്രൊസ്യൂമർ) നെറ്റ് മീറ്ററിൽ കാണിക്കുന്ന നെറ്റ് എനർജിക്ക (ഇമ്പോർട്ട്-എക്സ്പോർട്ട് വ്യത്യാസം) മാത്രമാണ് റീട്ടെയിൽ താരിഫ് നിരക്കിൽ ബില്ല് ചെയ്യുന്നത്. കൂടാതെ സോളാർ ഉത്പാദനം ഉപഭോഗത്തേക്കാൾ കൂടുതലായാൽ ഗ്രിഡിലേക്ക് നൽകുന്ന മിച്ച വൈദ്യുതി ബാങ്ക് ചെയ്ത് മറ്റുസമയങ്ങളിൽ ഉപയോഗിക്കാവുന്നതും വർഷാവസാനം ക്രെഡിറ്റിലുള്ള വൈദ്യുതിക്ക് കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ തുക ഉപഭോക്താവിന ലഭിക്കുന്നതുമാണ്. ഇങ്ങനെ ബാങ്ക് ചെയ്ത വൈദ്യുതി, പീക്ക് സമയങ്ങളിലുൾപ്പെടെ ഉപഭോക്താവിന്റെ ആവശ്യാനുസരണം തിരികെ നൽകുന്നത് കമ്പോളത്തിൽ നിന്നും കൂടിയ വിലക്ക് (ശരാശരി 9 രൂപ) വാങ്ങേണ്ടി വരുന്ന വൈദ്യുതിയാണ്. നിലവിലെ കണക്കുകൾ പരിശോധിച്ചാൽ 'പ്രൊസ്യൂമേഴ്സ് ഉത്പാദിപ്പിക്കുന്ന സൗരോർജ്ജത്തിന്റെ 40% മാത്രമാണ് പകൽ സമയം അവർ ഉപയോഗിക്കുന്നത്. ബാക്കി 60% പീക്ക സമയത്ത് ബാങ്കിങ് വഴി ബോർഡ് തിരികെ നൽകേണ്ടി വരുന്നു. സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതിയുടെ ശരാശരി വില 3.14 രൂപയാണ്. സൗരോർജ്ജ |

ഉത്പാദകരായ ഉപഭോക്താക്കൾ 3.14
രൂപയ്ക്കുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകുകയും
പകരം ശരാശരി 9 രൂപ വിലയ്ക്ക
കമ്പോളത്തിൽ നിന്നും വാങ്ങുന്ന
വൈദ്യുതിയാണ് പീക്ക് സമയങ്ങളിൽ തിരികെ
എടുക്കുന്നത്. അതുമൂലം ബോർഡിന് ചെലവ
ഗണ്യമായി കൂടുകയും പ്രൊസ്യൂമേഴ്സിൽ നിന്നുള്ള
വരുമാനം ഇല്ലാതാവുകയും ചെയ്യുന്ന
സ്ഥിതിയാണുള്ളത്. ഇങ്ങനെയുണ്ടാകുന്ന
അധിക ചെലവ് ഫലത്തിൽ മറ്റ
ഉപഭോക്താക്കൾ വഹിക്കേണ്ടതായി വരുന്നു
നെറ്റ് മീറ്ററിംഗ് സമ്പ്രദായം
ഉപഭോക്താക്കൾക്ക് വളരെ
ഗുണകരമാണെങ്കിലും ബോർഡിനും തദ്വാര മറ്റ
ഉപഭോക്താക്കൾക്കും അധിക
ചെലവുണ്ടാക്കുന്നതാണ്. ഇപ്പോൾ 1 kWp
പാനലിന്റെ വില ഏകദേശം 40,000
രൂപയിലേക്ക് കുറഞ്ഞിട്ടുണ്ട്. ഈ
സാഹചര്യത്തിൽ നെറ്റ് മീറ്ററിംഗ് സമ്പ്രദായം
വഴിയുള്ള ആനുകൂല്യങ്ങൾ തുടരുന്നത
സോളാർ നിലയങ്ങൾ സ്ഥാപിച്ച
ഉപഭോക്താക്കൾക്ക് അധിക
നേട്ടമുണ്ടാക്കുന്നതാണ്. സൗരോർജ്ജ
നിലയങ്ങൾ സ്ഥാപിക്കുന്നത് പൊതുവെ
ഉയർന്ന വൈദ്യുതി ഉപഭോഗമുള്ളവരും
സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടവരുമാണ്
അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ മൂലം
വൈദ്യുതി ബോർഡിനുണ്ടാകുന്ന വരുമാന
കുറവ് സൗരോർജ്ജ നിലയം സ്ഥാപിക്കാത്ത
മറ്റ് സാധാരണക്കാരായ
ഉപഭോക്താക്കളിലേക്ക് ഉയർന്ന താരിഫായി
മാറ്റപ്പെടും. മാസം 280 യൂണിറ്റിന് താഴെ
ഉപയോഗിക്കുന്ന ഒരു കോടിയിൽപരം
ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ,
കാർഷിക ഉപഭോക്താക്കൾ,
അനാഥാലയങ്ങൾ, തെരുവ് വിളക്കുകൾ, മറ്റ
ഇളവുകൾ ലഭിക്കുന്ന ഉപഭോക്താക്കൾ
എന്നിവർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി
നൽകാൻ കഴിയുന്നത്, മറ്റ
ഉപഭോക്താക്കൾക്ക് താരതമ്യേന ഉയർന്ന
താരിഫ് നിശ്ചയിച്ചാണ് (ക്രോസ്സ് സബ്സിഡി).

പകൽ സമയത്ത് വൈദ്യുതി ആവശ്യകത
താരതമ്യേന കുറവാണ്. അതിനാൽ
സൗരോർജ്ജ നിലയങ്ങളിൽ നിന്ന
ഉത്പാദിപ്പിച്ച ഗ്രിഡിലേക്ക് നൽകുന്ന
വൈദ്യുതി സംഭരിച്ച് വയ്ക്കാൻ സാധിക്കാത്തത

| | | | |
|---|---|---|---|
| | | | കൊണ്ട് ബോർഡ് കരാറിൽ ഏർപ്പെട്ടിരിക്കുന്ന വൈദ്യുതി ഫിക്സഡ് ചാർജ് നൽകി സറണ്ടർ ചെയ്യേണ്ടി വരുന്നു. ഇതു കെ.എസ്.ഇ.ബി.എൽ-ന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ട് കൂടാതെ അസ്ഥിര സ്വഭാവമുള്ള സൗരോർജ്ജ വൈദ്യുതി ഗ്രിഡിൽ ഉണ്ടാക്കുന്ന വ്യതിയാനം പരിഹരിക്കുന്നതിന് സ്ഥിര സ്വഭാവമുള്ള മറ്റ് ഊർജ്ജ സ്രോതസ്സ് കൂടുതൽ ആശ്രയിക്കേണ്ടി വരുകയും ആയതു അധിക ചെലവുണ്ടാക്കുന്നതുമാണ്. |
| (ബി) | നിലവിലെ നെറ്റ് മീറ്ററിംഗ് സംവിധാനത്തിന് പകരം ഗ്രോസ് മീറ്ററിംഗ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നിർദേശം റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്ര ഊർജ്ജ മന്ത്രാലയം 2020 ലും തുടർന്ന് 2021ലെ ഭേദഗതി വഴിയും ഇലക്ട്രിസിറ്റി റൈറ്റ് ഓഫ് കൺസ്യൂമർ റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. ടി റൂളിലാണ് നെറ്റ് ബില്ലിംഗും ഗ്രോസ്സ് മീറ്ററിംഗ് സംവിധാനവും കൊണ്ടുവന്നത്. ഇതിന്റെ ഭാഗമായി ഇതര സംസ്ഥാനങ്ങളിലെ റെഗുലേറ്ററി കമ്മീഷനുകൾ ഇതിനകം തന്നെ നെറ്റ് ബില്ലിങ്/ഗ്രോസ് മീറ്ററിംഗ് റെഗുലേഷനുകൾ പുറത്തിറക്കി നടപ്പിലാക്കി. നെറ്റ് മീറ്ററിൽ രേഖപ്പെടുത്തുന്ന ഇമ്പോർട്ട് എനർജിയും എക്സ്പോർട്ട് എനർജിയും പ്രത്യേകം ബില്ല ചെയുന്നു. ഇമ്പോർട്ട് എനർജി കമ്മീഷൻ അംഗീകരിച്ച റീട്ടെയിൽ താരിഫ് നിരക്കിലും എക്സ്പോർട്ട് എനർജി, കമ്മീഷൻ അംഗീകരിക്കുന്ന ഫീഡ് ഇൻ താരിഫ നിരക്കിലും ബില്ല് ചെയ്യുന്നു. ടി തുകകളുടെ വ്യത്യാസമാണ് ഉപഭോക്താവ നൽകേണ്ടതായിട്ട് വരുന്നത്. ഇതിൽ ഉപഭോക്താവിന്റെ മൊത്തം ഉപഭോഗവും സോളാർ പ്ലാൻറിലെ ഉത്പാദനവും വെവ്വേറെ മീറ്റർ ഉപയോഗിച്ച് രേഖപ്പെടുത്തുന്നു ഉപഭോക്താവിന്റെ മൊത്തം ഉപഭോഗം കമ്മീഷൻ അംഗീകരിച്ച റീട്ടെയിൽ താരിഫ നിരക്കിലും സോളാർ വൈദ്യുതിയ്ക്ക്, കമ്മീഷൻ അംഗീകരിക്കുന്ന ഫീഡ് ഇൻ താരിഫ നിരക്കിലും ബില്ല് ചെയ്യുന്നു. ടി തുകകളുടെ വ്യത്യാസമാണ് ഉപഭോക്താവ നൽകേണ്ടതായിട്ട് വരുന്നത്. എന്നാൽ നെറ്റ് മീറ്ററിംഗിൽ ഇമ്പോർട്ട് എനർജിയും എക്സ്പോർട്ട് എനർജിയും തമ്മിലുള്ള വ്യത്യാസത്തിന് മാത്രമാണ് കമ്മീഷൻ അംഗീകരിച്ച റീട്ടെയിൽ താരിഫ് നിരക്കിൽ |

| | | | |
|---|---|---|---|
| | | | ബില്ല് ചെയ്യുന്നത്. ഇലക്ട്രിസിറ്റി റൈറ്റ് ഓഫ കൺസ്യൂമർ റൂൾസ് 2020,ഭേദഗത് നിർദ്ദേശപ്രകാരം, സംസ്ഥാന വൈദ്യുത് റെഗുലേറ്ററി കമ്മീഷന്റെ നിലവിലുള്ള റെഗുലേഷൻ പരിഷ്കരിക്കുന്നതിനുള്ള പെറ്റീഷൻ കെ.എസ്.ഇ.ബി.ലിമിറ്റഡ സമർപ്പിച്ചെങ്കിലും നെറ്റ് ബില്ലിംഗും ഗ്രോസ മീറ്ററിങ്ങും നടപ്പാക്കുന്നത് കമ്മീഷന് പരിഗണിച്ചിട്ടില്ല. വിതരണ കമ്പനിയുടെ നഷ്ടവും തന്മൂലം മറ്റ് ഉപഭോക്താക്കളുടെ മേൽ ഉണ്ടാകുന്ന അധിക താരിഫ് ബാധ്യതയും ഒര പരിധിവരെ കുറയ്ക്കാൻ നെറ്റ് ബില്ലിംഗ് / ഗ്രോസ് മീറ്ററിംഗ് സമ്പ്രദായം സഹായിക്കും ഊർജ്ജ മന്ത്രാലയത്തിലെ റൂൾ പ്രകാരം 500 കിലോവാട്ടിന് മുകളിൽ കണക്റ്റഡ് ലോഡ ഉള്ള പ്രൊസ്യൂമറിന് നെറ്റ് ബില്ലിംഗ സംവിധാനത്തിലേക്ക് മാറേണ്ടിവരും. ഗ്രോസ മീറ്ററിംഗ് ഓപ്ഷണൽ മാത്രമാണ്. പ്രൊസ്യൂമർ ആവശ്യപ്പെടുന്ന പക്ഷം മാത്രമാണ് ഗ്രോസ മീറ്ററിംഗ് സംവിധാനം ബാധകം ആവുന്നത്. |
| (സി) | ഇക്കാര്യത്തിൽ ഉപഭോക്താക്കൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക പരിഗണിച്ച് പ്രസ്തുത നിർദേശം പിൻവലിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഗ്രോസ്സ് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് നിലവിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷനും നിലവിലില്ല. |

സെക്ഷൻ ഓഫീസർ